# കേരളസർവകലാശാല

നം.പി.ആർ.193/2023 തിരുവനന്തപുരം, തീയതി: 21/09/2023

## പത്രക്കുറിപ്പ്

**കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം സ്പോർട്ട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**
**കോളേജിൽ ഹാജരാകേണ്ട തീയതി സെപ്റ്റംബർ 25**

കേരള സർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം സ്പോർട്ട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്ട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്റ്റംബർ 25 ന് പകൽ 11 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്.

ആദ്യ ഘട്ട റാങ്ക് ലിസ്റ്റിൽ റിപ്പോർട്ട് ചെയ്ത വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം മാത്രമായിരിക്കും രണ്ടാം ഘട്ട റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കുന്നത്. എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകളിലും ഒരേ ദിവസം തന്നെയാണ് കൗൺസിലിംഗ് നടത്തുന്നതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് കൗൺസിലിംഗിന് പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൌട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ് സൈറ്റ് (https://admissions.keralauniversity.ac.in/pg2023/) സന്ദർശിക്കുക.

## കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം - യു.ജി./പി.ജി. പ്രോഗ്രാമുകളുടെ അഡ്മിഷൻ 2023 സെപ്റ്റംബർ 30 വരെ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ 2023-2024 അദ്ധ്യയന വർഷത്തെ എട്ട് ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കുള്ള അഡ്മിഷൻ തുടരുന്നു. പൊളിറ്റിക്കൽ സയൻസ്, ലൈബ്രറി സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദ പ്രോഗ്രാമുകൾക്കും പൊളിറ്റിക്കൽ സയൻസ്, പബ്ലിക് അഡ്മിനിസ്ട്രേഷൻ, ലൈബ്രറി സയൻസ്, കമ്പ്യൂട്ടർ സയൻസ്, മാത്തമാറ്റിക്സ് എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കുമാണ് അഡ്മിഷൻ നടക്കുന്നത്. അപേക്ഷ 2023 സെപ്റ്റംബർ 30 വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. അപേക്ഷയുടെ ശരിപകർപ്പും അസ്സൽ സർട്ടിഫിക്കറ്റുകളും കാര്യവട്ടത്തെ വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ 2023 ഒക്ടോബർ 5 ന് വൈകുന്നേരം 5 മണിക്ക് മുൻപായി നേരിട്ടോ തപാൽ മാർഗ്ഗമോ എത്തിക്കേണ്ടതാണ്. ഓൺലൈനായി അപേക്ഷിക്കുന്നതിനും മറ്റ് വിവരങ്ങൾക്കും www.ideku.net സന്ദർശിക്കുക.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ (ത്രിവത്സരം) & അഞ്ചാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി. (മേഴ്സിചാൻസ് - പ്രയർ ടു 2011-2012 അഡ്മിഷൻ), അഞ്ചാം സെമസ്റ്റർ (ത്രിവത്സരം) & ഒൻപതാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി. (പ്രയർ ടു 2011-2012 അഡ്മിഷൻ - മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും 2023 ഒക്ടോബർ 11 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 നവംബർ 13 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ., ബി.കോം., ബി.ബി.എ. എൽ.എൽ.ബി. മേഴ്സി ചാൻസ് പരീക്ഷകൾക്ക് (2011 അഡ്മിഷൻ) പിഴകൂടാതെ 2023 ഒക്ടോബർ 7 വരെയും 150 രൂപ പിഴയോടെ 11 വരെയും 400 രൂപ പിഴയോടെ 13 വരെയും ഓഫ്ലൈനായി അപേക്ഷിക്കാവുന്നതാണ്.

കേരളസർവകലാശാല 2023 നവംബർ 13 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ., ബി.കോം., ബി.ബി.എ. എൽ.എൽ.ബി. പരീക്ഷകൾക്ക് പിഴകൂടാതെ 2023 സെപ്റ്റംബർ 30 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 5 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 7 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 ഒക്ടോബർ 12 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം./എം.എസ്.ഡബ്യൂ. (ന്യൂ ജനറേഷൻ) (റെഗുലർ - 2022 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി - 2021 & 2020 അഡ്മിഷൻ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

| |
|---|
| **University information is available on 9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |